## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1849 25.03.2013-ൽ മറുപടിയ്ക്ക്

### നാഷണൽ ഗെയിംസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി..ബി.അബ്ദുൾ റസാക്ക്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.സി.മമ്മൂട്ടി | | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനം ആതിഥ്യം വഹിക്കുന്ന നാഷണൽ ഗെയിംസിനായി ഇതേവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടുണ്ടോ ; | (എ) | ഉണ്ട്. 35-ാമത് ദേശീയ ഗെയിംസ് 2013 ഡിസംബറിലോ, 2014 ജനുവരിയിലോ നടത്തുന്നതിനായുള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |
| (ബി) | സ്പോർട്സ് വില്ലേജുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ഉണ്ട്. തിരുവനന്തപുരം കഴക്കൂട്ടത്തിന് സമീപം സിഡ്കോയുടെ ഉടമസ്ഥതയിലുള്ള 28 ഏക്കർ സ്ഥലത്ത് പ്രീ-ഫാബ്രിക്കേഷൻ ടെക്നോളജി ഉപയോഗിച്ച് 4 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഗെയിംസ് വില്ലേജ് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | മത്സര ഇനങ്ങൾക്കുള്ള സ്റ്റേഡിയം നിർമ്മിതിയിൽ എല്ലാ ജില്ലകൾക്കും മതിയായ പ്രാതിനിധ്യം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | കേരളത്തിന്റെ ഭൂമി ശാസ്ത്രപരവും, ജനസംഖ്യാനുപാതികവുമായ പ്രത്യേകതകൾ കണക്കിലെടുത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ 7 ജില്ലകളിലായി ദേശീയ ഗെയിംസ് സംഘടിപ്പിക്കുവാനാണ് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷന്റെ അനുമതി ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ